പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4019 16/12/2014-ൽ മറുപടിക്ക്

## വൈദ്യുതി ഉല്പാദനം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. സി. ദിവാകരൻ<br>,, ജി.എസ്. ജയലാൽ<br>,, കെ.രാജു<br>ശ്രീമതി. ഇ.എസ്.ബിജിമോൾ | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ ആഭ്യന്തര വൈദ്യുതി ഉല്പാദനം എത്രയാണ്; ഇതിൽ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനു ശേഷം ഉല്പാദിപ്പിച്ച വൈദ്യുതിയുടെ അളവെത്ര; | (എ) 2014 നവംബർ മാസത്തിലെ കണക്കു പ്രകാരം കേരളത്തിന്റെ ആഭ്യന്തര വൈദ്യുതോൽപാദനശേഷി 2824.58 മെഗാവാട്ടാണ്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിവിധ പദ്ധതികളിൽ നിന്നായി 36.06 മെഗാവാട്ട് വൈദ്യുതി ഉല്പാദശേഷികൂടി കൈ വരിച്ചു. ഇതുകൂടാതെ അനെർട്ട് ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പതിനായിരം റൂഫ് ടോപ്പ് സോളാർ പദ്ധതിയിലൂടെ ഏകദേശം 6.70 മെഗാവാട്ട് വൈദ്യുതിയും ഉത്പാദിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്.<br>2014 നവംബർ മാസത്തിലെ കണക്കുപ്രകാരം കേരളത്തിന്റെ ശരാശരി പ്രതിദിന വൈദ്യുതി ഉത്പാദനം 19.18 ദശലക്ഷം യൂണിറ്റാണ്. 01.06.2011 മുതൽ 30.11.2014 വരെ കേരളത്തിന്റെ ആഭ്യന്തര ഉത്പാദനം 25610.83 ദശലക്ഷം യൂണിറ്റാണ്. |
| (ബി) സംസ്ഥാനത്തെ ദേശീയ ഊർജ്ജ ഉല്പാദന കേന്ദ്രങ്ങളിൽ എത്ര യൂണിറ്റ് വൈദ്യുതി ഉല്പാദിപ്പിക്കുന്നുണ്ട്; ഇതിൽ സംസ്ഥാനത്തിന് ലഭിക്കുന്ന വൈദ്യുതിയുടെ അളവ് എത്ര; | (ബി) സംസ്ഥാനത്തെ ദേശീയ ഊർജ്ജ ഉത്പാദന കേന്ദ്രമായ കായംകുളം നിലയത്തിൽ നിന്നും (359.59 മെഗാവാട്ട്) ഇപ്പോൾ പ്രതിദിനം 3.5 ദശലക്ഷം യൂണിറ്റു മുതൽ 7.0 ദശലക്ഷം യൂണിറ്റുവരെ ഉത്പാദിപ്പിക്കുന്നുണ്ട്. ടി നിലയത്തിൽ നിന്നുള്ള മുഴുവൻ വൈദ്യുതിയും, ഇപ്പോൾ കേരളത്തിനു അവകാശപ്പെട്ടതാണ്. |

(സി) സ്വന്തമായി പാരമ്പര്യേതര ഊർജ്ജം ഉല്പാദിപ്പിക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം രീതികളിൽ എത്ര വൈദ്യുതി ഉല്പാദിപ്പിക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ?

(സി) പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളായ ചെറുകിട ജലവൈദ്യുത പദ്ധതികൾ,കാറ്റ്, സൗരോർജ്ജം ഇവയിൽ നിന്നും വൈദ്യുതി ഉത്പാദിപ്പിക്കുന്ന പദ്ധതികൾ കെ.എസ്.ഇ.ബി. ലിമിറ്റഡ് മുൻതൂക്കം നൽകി നടപ്പിലാക്കി വരുന്നു. ഇത്തരത്തിൽ നടപ്പിലാക്കി വരുന്ന പദ്ധതികളുടെ പട്ടിക അനുബന്ധം ആയി ചേർത്തിട്ടുണ്ട്.

അനെർട്ട് പതിനായിരം വീടുകളിലായി ഒരു കിലോ വാട്ട് സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിച്ചു വരുന്നു. പ്രസ്തുത 1 കിലോവാട്ട് പ്ലാന്റിൽ നിന്നും സൗരോർജ്ജത്തിന്റെ ലഭ്യതയ്ക്കനുസരിച്ച് 3–3.5 യൂണിറ്റ് വൈദ്യുതി ലഭിക്കും. ഇതു കൂടാതെ നടപ്പു വർഷം ശൃംഖലാ ബന്ധിത സൗരോർജ്ജം വൈദ്യുതി ഉത്പാദനം പ്രോത്സാഹിപ്പിക്കാൻ സോളാർ കണക്ടഡ് പദ്ധതി ആവിഷ്കരിച്ചു വരുന്നു. ഇതിലൂടെ 12 മെഗാവാട്ട് വൈദ്യുതി ഉത്പാദനമാണ് ലക്ഷ്യമിട്ടുന്നത്.

സെക്ഷൻ ഓഫീസർ.

U.S.Q.D. No. 4019

അനുബന്ധം (~~എ~~)

ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം (2011 മുതൽ 2014 ഒക്ടോബർ വരെയുള്ള കാലയളവിൽ) പൂർത്തിയാക്കിയ ജനറേഷൻ പ്രോജക്റ്റ്സ് താഴെപ്പറയുന്നു.

| നമ്പർ | സ്റ്റേഷന്റെ പേര് | സ്ഥാപിത ശേഷി (മെഗാവാട്ട്) | വാർഷിക ഉല്പാദന ശേഷി (MU) |
|---|---|---|---|
| 1 | റാന്നിപെരുനാട് ചെറുകിട ജല വൈദ്യുതപദ്ധതി | 4 | 16.73 |
| 2 | ഇരുട്ടുക്കാനം സ്റ്റേജ് II ചെറുകിട ജല വൈദ്യുതപദ്ധതി (IPP) | 1.5 | 3.94 |
| 3 | പീച്ചി ചെറുകിട ജല വൈദ്യുതപദ്ധതി | 1.25 | 3.21 |
| 4 | പാമ്പുംകയം (മാങ്കുളം) മിനി ജല വൈദ്യുതപദ്ധതി (IPP) | 0.11 | 0.29 |
| 5 | കാരിക്കയം ചെറുകിട ജല വൈദ്യുതപദ്ധതി (IPP) | 10.5 | 27.6 |
| 6 | അഗളി വിന്റ് ഫാം (IPP) | 1.2 | 2.3 |
| 7 | മീൻവല്ലം ചെറുകിട ജല വൈദ്യുതപദ്ധതി (IPP) | 3 | 8.37 |
| 8 | വിലങ്ങാട് ചെറുകിട ജല വൈദ്യുതപദ്ധതി | 7.5 | 22.63 |
| 9 | പൊരിങ്ങൽകുത്ത് (പുനരുദ്ധാരണം) | 2 | |
| 10 | ശബരിഗിരി (പുനരുദ്ധാരണം) | 5 | |
| ആകെ | | 36.06 | 85.07 |

അനുബന്ധം (ബി)

I. കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് സ്വന്തം നിലയിൽ നടപ്പിലാക്കാൻ ലക്ഷ്യമിടുന്ന സൗരോർജ്ജ പദ്ധതികൾ

| ക്രമ നമ്പർ | സൗരോർജ്ജ പദ്ധതി | ശേഷി (മെഗാവാട്ട്) |
|---|---|---|
| 1 | കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ കെട്ടിടങ്ങളുടെ അനുയോജ്യമായ മേൽക്കൂരകളിൽ ഗ്രിഡ് കണക്ടഡ് സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കൽ | 1.35 |
| 2 | കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ ഉടമസ്ഥതയിലുള്ള കഞ്ചിക്കോട് ഗ്രിഡ് കണക്ടഡ് സൗരോർജ്ജ പ്ലാന്റ് സ്ഥാപിക്കൽ | 1 |
| 3 | പാലക്കാട് ജില്ലയിലെ അഗളി ചാലയൂർ ട്രൈബൽ കോളനിയിലെ വീടുകളുടെ മേൽക്കൂരകളിൽ ഗ്രിഡ് കണക്ടഡ് സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കൽ | 0.096 |
| 4 | 110 കെ വി. കൊല്ലംകോട് സബ് സ്റ്റേഷന്റെ പരിസരത്ത് ഗ്രിഡ് കണക്ടഡ് സൗരോർജ്ജ പ്ലാന്റ് സ്ഥാപിക്കൽ | 1 |
| 5 | പൊരിങ്ങൽകുത്ത് പവർഹൗസ് കെട്ടിടത്തിന്റെ മേൽക്കൂരകളിൽ ഗ്രിഡ് കണക്ടഡ് സൗരോർജ്ജ പ്ലാന്റ് സ്ഥാപിക്കൽ | 0.050 |
| 6 | കമ്പമല, മാനന്തവാടി റ്റീ എസ്റ്റേറ്റിൽ പോൾ മൗണ്ടട് ഗ്രിഡ് കണക്ടഡ് സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കൽ | 0.040 |
| 7 | തിരുവനന്തപുരം കോളേജ് ഓഫ് ഇൻജിനീയറിംഗ് കെട്ടിടത്തിന്റെ മുകളിൽ സൗരോർജ്ജ പ്ലാന്റ് സ്ഥാപിക്കൽ (stage -1) | 0.13456 |
| 8 | RGGVY-DDG പദ്ധതിയുടെ ഭാഗമായി പാലക്കാട് ജില്ലയിലെ 15 വില്ലേജുകളിലായി ഓഫ് ഗ്രിഡ് സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കൽ | 0.1315 |
| 9 | വയനാട് ജില്ലയിലെ പടിഞ്ഞാറെത്തറ ഡാമിൽ സൗരോർജ്ജ പ്ലാന്റ് സ്ഥാപിക്കൽ | 1 |
| 10 | കക്കയം സോളാർ പമ്പിംഗ് പ്ലാന്റ് സ്ഥാപിക്കൽ | 1 |
| | കക്കയം സോളാർ ഫ്ലോട്ടിംഗ് പ്ലാന്റ് സ്ഥാപിക്കൽ | 1 |
| 11 | ബാണാസുരസാഗർ റിസർവോയറിൽ സ്ഥാപിക്കുന്ന ഫ്ലോട്ടിംഗ് പ്ലാന്റ് Stage-I | 0.5 |
| | ബാണാസുരസാഗർ റിസർവോയറിൽ സ്ഥാപിക്കുന്ന ഫ്ലോട്ടിംഗ് പ്ലാന്റ് Stage-II | 2.5 |
| 12 | ഗവൺമെന്റ് കെട്ടിടങ്ങളുടെ മേൽക്കൂരകളിൽ സ്ഥാപിക്കുന്ന സൗരോർജ്ജ പ്ലാന്റുകൾ | 3.25 |
| 13 | ബാരാപോൾ ജലവൈദ്യുത പദ്ധതിയുടെ കനാലിന്റെ മുകളിൽ സൗരോർജ്ജ പദ്ധതി | 2.5 |
| 14 | വിലങ്ങാട് ജലവൈദ്യുത പദ്ധതിയുടെ കനാലിന്റെ മുകളിൽ സൗരോർജ്ജ പദ്ധതി | 1 |
| | ആകെ | 16.55206 |

**II.** മറ്റ് ഏജൻസി വഴി നടപ്പാക്കാൻ ലക്ഷ്യമിടുന്ന സൗരോർജ്ജ പദ്ധതികൾ

| ക്രമ നമ്പർ | പദ്ധതി | ശേഷി (മെഗാവാട്ട്) |
|---|---|---|
| 1 | കൊല്ലം ജില്ലയിൽ വെസ്റ്റ് കല്ലട ഗ്രാമപഞ്ചായത്തിൽ എൻ.എച്ച്.പി.സി സ്ഥാപിക്കുന്ന സോളാർ പദ്ധതി. ഈ പദ്ധതിയിലേയ്ക്കായി എൻ.എച്ച്.പി.സി യുമായിട്ട് 07.05.2014 - ൽ കെ എസ്സ് ഇ ബി എൽ ധാരണാപത്രം ഒപ്പ് വച്ചിട്ടുണ്ട്. ഇതിന്റെ നടപടിക്രമങ്ങൾ പുരോഗമിച്ചു വരുന്നു | 50 |
| 2 | കൂടാതെ സൗര വൈദ്യുതിക്ക് ഗ്രിഡ് കണക്ഷൻ നൽകുന്നതിന് സംസ്ഥാന വൈദ്യുത റെഗുലേറ്ററി കമ്മിഷൻ 10.06.2014 -ൽ " ഗ്രിഡ് ഇന്ററാക്ടീവ് ഡിസ്ട്രിബ്യൂട്ട് സോളാർ സിസ്റ്റം" എന്ന പേരിൽ ഒരു മാർഗ്ഗ രേഖ ഇറക്കിയിട്ടുണ്ട്. ഈ മാർഗ്ഗരേഖ എല്ലാത്തരം വൈദ്യുത ഉപഭോക്താക്കളേയും സൗരോർജ്ജ പാനലുകൾ സ്ഥാപിച്ച് വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ പ്രേരിപ്പിക്കുന്നു. ഇതനുസരിച്ച് വിവിധ സ്ഥാപിത ശേഷികളിലായി 32 ഉപഭോക്താക്കൾ സൗരോർജ്ജ പ്ലാന്റിന്റെ ഗ്രിഡ് കണക്ടിവിറ്റിക്കായി കെ എസ്സ് ഇ ബി യെ സമീപിച്ചിട്ടുണ്ട്. ഇതിൽ 10 കിലോവാട്ടിന്റെ സൗരോർജ്ജ പ്ലാന്റ് കെ എസ്സ് ഇ ബി എൽ ഗ്രിഡിൽ കണക്ട് ചെയ്തു കഴിഞ്ഞു | 0.71861 |
| | **ആകെ** | 50.71861 |

**II** മറ്റ് ഏജൻസി വഴി നടപ്പാക്കാൻ ലക്ഷ്യമിടുന്ന കാറ്റാടി പദ്ധതികൾ

| ക്രമ നമ്പർ | പദ്ധതി | ശേഷി (മെഗാവാട്ട്) |
|---|---|---|
| 1 | Inox Renewable Energy Limited കഞ്ചിക്കോട്ടുള്ള കിൻഫ്രയുടെ സ്ഥലത്ത് സ്ഥാപിക്കുന്ന കാറ്റാടി പദ്ധതി | 22 |
| 2 | എൻ.എച്ച്.പി.സി പാലക്കാട് ജില്ലയിലെ നല്ലസിംഗം, കോട്ടത്തറ എന്നീ സ്ഥലങ്ങളിൽ സ്ഥാപിക്കുന്ന കാറ്റാടി പദ്ധതി. | 82 |
| | **ആകെ** | 104 |

IIII.കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ പണി നടന്നു വരുന്ന ചെറുകിട ജല വൈദ്യുതപദ്ധതികൾ

| ക്രമ നമ്പർ | ജലവൈദ്യുത പദ്ധതി | ശേഷി (മെഗാവാട്ട്) |
|---|---|---|
| 1 | ബാരപ്പോൾ | 15 |
| 2 | ചിമ്മിനി | 2.5 |
| 3 | ആഡ്യൻപാറ | 3.5 |
| 4 | വെള്ളത്തൂവൽ | 3.6 |
| 5 | പെരുംന്തേനരുവി | 6 |
| 6 | കക്കയം | 3 |
| 7 | ചാത്തൻ കോട്ടനട - II | 6 |
| 8 | ചെങ്കുളം ഓഗമെന്റേഷൻ (85 എം. യു) | |
| 10 | ഭൂതത്താൻകെട്ട് | 24 |
| 11 | ആനക്കയം | 7.5 |
| 13 | പൊരിങ്ങൽകുത്ത് | 24 |
| | ആകെ | 55.5 |

IV. കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് സ്വന്തം നിലയിൽ നടപ്പാക്കാൻ ലക്ഷ്യമിടുന്ന ജലവൈദ്യുതപദ്ധതികൾ

| ക്രമ നമ്പർ | ജലവൈദ്യുത പദ്ധതി | ശേഷി (മെഗാവാട്ട്) |
|---|---|---|
| 1 | അച്ചൻകോവിൽ | 30 |
| 3 | ചെമ്പുക്കടവ് - III | 6 |
| 4 | ചിന്നാർ | 24 |
| 5 | ലാന്ട്രം | 3.5 |
| 7 | മാരിപ്പുഴ | 6 |
| 8 | മാർമല | 7 |
| 9 | ഒലിക്കൽ | 5 |
| 11 | പഴശ്ശിസാഗർ | 15 |
| 12 | പീച്ചാഡ് | 3 |
| 13 | പെരുവണ്ണാമുഴി | 6 |
| 14 | പൂവാരംതോട് | 3 |
| 15 | അപ്പർ കല്ലാർ | 2 |
| 16 | അപ്പർ സെൻകുളം | 24 |
| 17 | വള്ളംതോട് | 8 |
| 18 | വെസ്റ്റേൺ കല്ലാർ | 5 |
| | ആകെ | 147.5 |